# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 174    06.01.2014-ൽ മറുപടിയ്ക്ക്

### കേരളത്തിലെ മാവോയിസ്റ്റ് ഭീഷണി നേരിടാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. അജിത് | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) കേരളത്തിലെ ഏതൊക്കെ പ്രദേശങ്ങളിലാണ് മാവോയിസ്റ്റ് സാന്നിദ്ധ്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) കേരളത്തിന്റെ വടക്കൻ മേഖലയിൽ കോഴിക്കോട്, വയനാട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിൽ പ്രധാനമായും വനാതിർത്തി പ്രദേശങ്ങളിലാണ് മാവോയിസ്റ്റ് സാന്നിദ്ധ്യം റിപ്പോർട്ട് ചെയ്തിട്ടുള്ളത്. |
| ബി) മാവോയിസ്റ്റ് സാന്നിദ്ധ്യമുള്ള പ്രദേശങ്ങളിൽ പ്രത്യേക പട്രോളിംഗ് സംവിധാനം സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ടോ ; | (ബി) മാവോയിസ്റ്റുകളെ കാണപ്പെട്ടു എന്ന് സ്ഥലവാസികൾ അറിയിച്ച പ്രദേശങ്ങളിലും സാധ്യതാ പ്രദേശങ്ങളിലും പട്രോളിംഗ് നടത്തുക യുണ്ടായി. ഇവ തുടർന്ന് വരുന്നു. |
| സി) മാവോയിസ്റ്റ് സംഘങ്ങളിൽ മലയാളി സാന്നിദ്ധ്യം വർദ്ധിച്ചുവന്നതായുള്ള റിപ്പോർട്ടുകളിൽ സർക്കാർ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (സി) മലയാളി സാന്നിദ്ധ്യം ഉണ്ടെന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ഇപ്പോൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ല. |
| ഡി) മാവോയിസ്റ്റുകളെ നേരിടുന്നതിനുള്ള കേന്ദ്രത്തിന്റെ പദ്ധതികളിൽ കേരളത്തെ ഉൾപ്പെടുത്തുകയോ അതുമായി ബന്ധപ്പെട്ട സർക്കാർ സഹായങ്ങൾ ലഭിക്കുകയോ ചെയ്തിട്ടുണ്ടോ ? | (ഡി) ഇല്ല. |

സെക്ഷൻ ഓഫീസർ